പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4849 — 22.03.2018 -ൽ മറുപടിക്ക്

## സ്പിരിച്ചൽ ടൂറിസം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി.എസ്. ജയലാൽ<br>ശ്രീ. കെ. രാജൻ<br>ശ്രീമതി. ഇ. എസ്. ബിജിമോൾ<br>ശ്രീ. വി. ആർ. സുനിൽകുമാർ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സ്പിരിച്ചൽ ടൂറിസം നടപ്പിലാക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | എ) സംസ്ഥാനത്ത് കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ ധനസഹായത്തോടെ ചുവടെ ചേർക്കുന്ന 2 സ്പിരിച്ചൽ ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം)<br>2. ശ്രീപത്മനാഭ -ആറന്മുള-ശബരിമല വികസനം |
| ബി) ഏതൊക്കെ കേന്ദ്രങ്ങളെ ഉൾപ്പെടുത്തിയാണ് സ്പിരിച്ചൽ ടൂറിസം നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) എരുമേലി-പമ്പ- സന്നിധാനം എന്നീ സ്ഥലങ്ങളെ ഉൾപ്പെടുത്തി ശബരിമല വികസനവും, ശ്രീപത്മനാഭ സ്വാമി ക്ഷേത്രം - ആറന്മുള ക്ഷേത്രം - നിലയ്ക്കൽ - പമ്പ എന്നീ സ്ഥലങ്ങളെ ഉൾപ്പെടുത്തി ശ്രീപത്മനാഭ -ആറന്മുള-ശബരിമല വികസനവും ഉൾപ്പെടുത്തിയാണ് സ്പിരിച്ചൽ ടൂറിസം സർക്യൂട്ട് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. |
| സി) ആത്മീയ കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് കൊണ്ട് ഒരു സ്പിരിച്ചൽ ടൂറിസം സർക്യൂട്ട് സ്ഥാപിക്കുമോ; വ്യക്തമാക്കുമോ; | സി) ആത്മീയകേന്ദ്രങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് സ്പിരിച്ചൽ ടൂറിസം സർക്യൂട്ട് സംസ്ഥാന സർക്കാർ നടപ്പാക്കുന്നില്ല. |

ഡി) കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ പദ്ധതിയായ പ്രസാദ് സ്കീമിൽ കേരളത്തിൽ നിന്നുള്ള ഏതൊക്കെ പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

ഡി) കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി കേരളത്തിൽ നിന്നും നിലവിൽ ഗുരുവായൂർ ക്ഷേത്ര വികസനത്തിനാണ് അനുമതി ലഭിച്ചത്.

ഇ) പ്രസാദ് സ്കീമിൽ കൂടുതൽ കേന്ദ്രങ്ങളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഇ) പ്രസാദ് സ്കീമിൽ കൂടുതൽ കേന്ദ്രങ്ങളെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് കേന്ദ്ര ടൂറിസം മന്ത്രാലയമാണ് തീരുമാനം എടുക്കേണ്ടത്. എന്നാൽ ഇത് സംബന്ധിച്ച് കൂടുതൽ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ട് പോകുകയാണ്. ഇതിന്റെ ഭാഗമായി താഴെ പറയുന്ന 2 കൺസപ്റ്റ് നോട്ടുകൾ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

1. ചെട്ടിക്കുളങ്ങര – ഓച്ചിറ – ഹരിപ്പാട് - മണ്ണാറശാല – മാവേലിക്കര പിൽഗ്രിം ടൂറിസം സർക്യൂട്ട്
2. നാലമ്പലം സർക്യൂട്ട്

(തൃപ്രയാർ ശ്രീരാമ സ്വാമി ക്ഷേത്രം - കൂടൽമാണിക്യം ക്ഷേത്രം - മൂഴിക്കുളം ശ്രീ ലക്ഷ്മണ പെരുമാൾ ക്ഷേത്രം - പായമ്മൽ ശ്രീ ശത്രുഘ്ന ക്ഷേത്രം )

സെക്ഷൻ ഓഫീസർ